(ബി) നിലവാരം കുറഞ്ഞതും മായം ചേർത്തതുമായ ഔഷധങ്ങൾ പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും ലാബോറട്ടറികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല.

മെഡിക്കൽ സർവ്വീസിൽ ഒരു വിഭാഗം മാത്രമാണ് ഫാർമസി സർവ്വീസ് മെഡിക്കൽ സർവ്വീസിൽ ആകെ ജീവനക്കാരിൽ അഞ്ചു ശതമാനം (5%) മാത്രം വരുന്ന ഫാർമസിസ്റ്റുകൾക്കു മാത്രം ഒരു പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കുന്നത പ്രായോഗികമല്ലാത്തതിനാൽ അങ്ങനെയൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഔഷധങ്ങൾ പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ തിരുവനന്തപുരത്ത് ഒരു ലാബറട്ടറി പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ നേരിടുന്ന കടുത്ത സാമ്പത്തിക പരിമിതി കാരണം എല്ലാ ജില്ലകളിലും ലാബറട്ടറി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സംവരണ തോത്

* 108. [110] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഗവൺമെന്റു സർവ്വീസുകളിൽ നിയമനം ലഭിക്കുമ്പോൾ നൽകുന്ന റിസർവേഷന്റെ ശതമാന തോത് എത്രയാണ് ;

(ബി) സംവരണം നൽകുന്നതിന്റെ തോത് നിശ്ചയിക്കുന്ന മാനദണ്ഡമെന്താണ് ;

(സി) 1981 കനേഷുമാരി കണക്കനുസരിച്ച് പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് സംവരണ തോത് വർദ്ധിപ്പിക്കാതിരിക്കുന്നതിനുള്ള കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും റിസർവേഷനാണ് നൽകുന്നത്.

(ബി) സാമ്പത്തിക-സാമൂഹ്യ പിന്നോക്കാവസ്ഥയുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലാണ് സംവരണതോത് നിശ്ചയിച്ചിട്ടുള്ളത്.

(സി) സംവരണക്കാര്യത്തിൽ ദേശീയതലത്തിൽ ഒരു അഭിപ്രായ സമന്വയം ഉണ്ടാകുന്നതുവരെ നിലവിലുള്ള സഹകരണനയത്തിൽ മാറ്റം വരുത്തുകയില്ലെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള സംവരണ വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ഏകീകൃത ദേവസ്വ നിയമങ്ങൾ

* 109. [111] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യം തൃശ്ശൂർ പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ക്ഷേത്രങ്ങൾക്കും ബാധകമാകുന്നവിധം കൊച്ചി, തിരുവിതാംകൂർ ദേവസ്വനിയമങ്ങൾ ഭേദഗതി ചെയ്ത് സംസ്ഥാനത്തിന് ഏകീകൃത നിയമം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

പഞ്ചായത്ത്-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം)

(എ, ബി) ഏകീകൃത ദേവസ്വം ബോർഡിന്റെ കാര്യത്തിൽ അന്തിമമായ തീരുമാനം എടുത്തിട്ടില്ല.

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം നടന്ന കൊലപാതകങ്ങൾ

370. [479] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്ത് കൊലപാതകങ്ങൾ നടന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയാണെന്നും അവരിൽ മരിച്ചവർ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 99 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി നൽകിയിട്ടുണ്ട് *

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷമുള്ള കാലയളവിൽ സ്ത്രീകൾ കൊലചെയ്യപ്പെട്ട സംഭവങ്ങൾ

371. [480] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്ത് സ്ത്രീകൾ വധിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം എത്ര കൊലപാതകങ്ങൾ നടന്നു; അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23 സ്ത്രീകൾ കൊലചെയ്യപ്പെട്ടിട്ടുണ്ട്. കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നു.

രാഷ്ട്രീയ കൊലപാതകങ്ങൾ

372. [481] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തു നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ മരണമടഞ്ഞവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

* അനുബന്ധം—I

† അനുബന്ധം—II

LIBRARY ARCHIVES Kerala Legislative Assembly